പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

21/03/2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4519

**കാസർഗോഡ് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | കാസർഗോഡ് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ) യും ബി) യും | ഉണ്ട്. കാസർഗോഡ് ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ആശുപത്രി കാഞ്ഞങ്ങാട് നിർമ്മിക്കുന്നതിന് 560 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | എങ്കിൽ ആശുപത്രി എവിടെയാണ് സ്ഥാപിക്കുന്നതെന്നും എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | | |
| സി) | ഈ സ്ഥാപനത്തിന്റെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ? | സി) | നിർമ്മാണ പ്രവർത്തികൾക്കായി പൊതുമരാമത്തിനെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. പ്രവർത്തി ആരംഭിക്കുന്നതിന് മുന്നോടിയായി ലേലം മുഖേന മരങ്ങൾ മുറിച്ചു മാറ്റിയിട്ടുണ്ട്. എന്നാൽ പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനായി മൂന്ന് തവണ ലേലം നടത്തിയെങ്കിലും മതിപ്പ് വിലയേക്കാൾ കുറഞ്ഞ നിരക്കായതിനാൽ ലേലം ഉറപ്പിക്കുകയുണ്ടായില്ല. പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതിനുശേഷമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ